I/5182957/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ആർ.ഡി.3/94/2020/തസ്വഭവ.
തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26-02-2022

സർക്കുലർ

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് -മൊബൈൽ ടവറുകളുടെ വസ്തു നികുതി- സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1. 14/01/2011 തീയതിയിലെ സ.ഉ(പി)നം. 17/2011/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനം

2. 14/01/2011 തീയതിയിലെ സ.ഉ(പി)നം. 19/2011/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനം

3. 20/11/2018-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/22182/2018-C3(DP) നം.കത്ത്

4. മുഖ്യ നഗരാസൂത്രകന്റെ 6/1/2022-ലെ TCPCTP/2561/2021-E3 നം. കത്ത്

സൂചന വിജ്ഞാപനങ്ങൾ പ്രകാരം മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലുമുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി ഒരു ചതുരശ്ര മീറ്ററിന് ബാധകമായ അടിസ്ഥാന നിരക്ക് ഏറ്റവും കുറഞ്ഞത് 400 രൂപയായും ഏറ്റവും കൂടിയത് 500 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. പല ഗ്രാമപഞ്ചായത്തുകളും വ്യത്യസ്ത രീതിയിലാണ് ടവറുകളുടെ തറവിസ്തീർണ്ണം കണക്കാക്കി നികുതി ഈടാക്കി വരുന്നത് എന്നതിനാൽ തറവിസ്തീർണ്ണം കണക്കാക്കുന്നതിന് ടവറിന്റെ ഏതെല്ലാം ഭാഗങ്ങൾ പരിഗണിക്കണമെന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നല്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ സൂചന (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ താഴെപ്പറയും വിധം സ്പഷ്ടീകരണം നൽകുന്നു.

മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ, മൊബൈൽ ടവറുകളുടെ ടവറിന്റെ തറവിസ്തീർണ്ണം + ജനറേറ്റർ + മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം എന്നതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി കണക്കാക്കാവുന്നതാണ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

-2

2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
4. എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.